"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്- കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.14/2024/SJD    തീയതി,തിരുവനന്തപുരം, 10-01-2024

---

പരാമർശം:-

1. 11-12-2023 ലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫിനാൻസ് ഓഫീസറുടെ 1532/2023/KSSM/P5 നമ്പർ കത്ത്
2. 12-12-2023 നു കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം മൊത്തം 94,40,000/- രൂപ ചെലവ് വരുമെന്നും, പ്രസ്തുത തുക 2023-2024 സാമ്പത്തിക വർഷത്തെ 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫിനാൻസ് ഓഫീസർ പരാമർശം(1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. ഈ വിഷയം പരാമർശം (2) പ്രകാരമുള്ള വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്നു ശുപാർശ ചെയ്യുകയുമുണ്ടായി.

3. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ് എന്ന പദ്ധതിയ്ക്കായി 17,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ പശ്ചാത്തല സൗകര്യ വികസനം എന്ന ഉപപദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന 2 മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി, 94,40,000/-

(തൊണ്ണൂറ്റിനാല് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) 2023-24 സാമ്പത്തിക വർഷത്തെ 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള സാമൂഹ്യ സുരക്ഷാ മിഷൻ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ) വകുപ്പ്
ഡയറക്ടർ , സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
സെക്ഷൻ ഓഫീസർ
Date: 10-01-2024 15:33:08